ACADEMY OF MEDICAL SCIENCES

PARIYARAM- 670503, KANNUR DISTRICT, KERALA

Phone: 0497-2808080, 2808111, 121 (15 Lines), Fax: 0497-2808133
Email: pmch.pariyaram@gmail.com, Web: www. mcpariyaram.com
Recognised by MCI, Vide No. V. 11015/2/2002-ME (Policy-1) dated 09-07-2002

466/PR/Dtd 25.07.2017

പ്രസിദ്ധീകരണത്തിന്

ബി.ഫാം കോഴ്സിൽ പരിയാരത്ത് വാക്ക് ഇൻ ഇന്റർവ്യു വെള്ളിയാഴ്ച

കണ്ണൂർ : അക്കാദമി ഓഫ് മെഡിക്കൽ സയൻസസി (പരിയാരം മെഡിക്കൽ കോളേജ്) ന് കീഴിലുള്ള ഫാർമസി കോളേജിൽ 2017-18 അധ്യയന വർഷത്തെ ബാച്ചിലർ ഓഫ് ഫാർമസി (ബി.ഫാം) കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. മാനേജുമെന്റ് ക്വാട്ടയിലാണ് ഒഴിവുള്ളത്. ഈ സീറ്റുകളിൽ വെള്ളിയാഴ്ച (28.07.2017) രാവിലെ 11 മണിക്ക് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യു മുഖാന്തിരമാണ് പ്രവേശനം. പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. കുറഞ്ഞത് 50 ശതമാനം മാർക്കുനേടി പാസ്സായവർക്കാണ് ഇന്റർവ്യൂവിൽ പങ്കെടുക്കാൻ കഴിയുക. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിതയോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അന്നേദിവസം രാവിലെ 10 മണിക്ക് പരിയാരം മെഡിക്കൽ കോളേജിലെ അഡ്മിഷൻസെൽ ഓഫീസിൽ നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി.ഫാം മെറിറ്റ്, മാനേജുമെന്റ് ക്വാട്ടകളിൽ സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന എൻട്രൻസ് കമ്മീഷണറാണ് ഇത്തവണ പ്രവേശനം നടത്തിയത്. എന്നാൽ സർക്കാർ അലോട്ട്മെന്റ് പൂർത്തിയായിട്ടും ഒഴിവുവന്ന സീറ്റുകളിലേക്കാണ് 28ന് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യു മുഖാന്തിരം പ്രവേശനം നടത്തുന്നത്. എ.ഐ.സി.ടി.ഇയുടേയും ആരോഗ്യ സർവകലാശാലയുടേയും തീരുമാനമനുസരിച്ച് ആഗസ്ത് 15 ആണ് പ്രവേശനം പൂർത്തിയാക്കേണ്ട അവസാന തീയ്യതി. **www.mcpariyaram.com** എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റിലും 0497 2882140 എന്ന നമ്പറിലും വിശദാംശങ്ങൾ ലഭ്യമാണെന്നും അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ഡയരക്ടർ അറിയിച്ചു.

ഡയരക്ടർ
(കെ.രവി)